بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 21.04.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## തഖ്‌വ: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطَانِ الرَّجِیۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ ○

റമദാൻ കടന്നുപോയി, റമദാനിൽ ഇബാദത്തുകൾ ചെയ്യാനും തങ്ങളിൽ സവിശേഷ മാറ്റങ്ങൾ വരുത്താനും പദ്ധതികൾ തയ്യാറാക്കിയവരുണ്ടാകും. എന്നാൽ പലർക്കും വിചാരിച്ചതുപോലെ അതു പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടാകില്ല. പലരും എനിക്ക് ഇത്തരത്തിൽ എഴുതാറുണ്ട്.

വെള്ളിയാഴ്ച അനുഗ്രഹീതമായ ദിവസമാണ്; അതിൽ ദുആ സ്വീകരിക്കുന്നതിന് പ്രത്യേകമായ ഒരു സമയമുണ്ട്. നമ്മുടെ റമദാൻ ദിനങ്ങൾ നാം ആഗ്രഹിച്ച രീതിയിലോ ഒരു വിശ്വാസി കടന്നുപോകേണ്ട വഴിയിലോ കടന്നു പോയില്ലെങ്കിലും, ഇന്നു നാം പ്രതിജ്ഞയെടുക്കേണ്ടതാണ്, നമ്മുടെ ബലഹീനതകളെ അല്ലാഹു തആല മാപ്പാക്കിക്കൊണ്ട് നമുക്കുമേൽ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ട് സർവ്വശക്തനായ അല്ലാഹു ആഗ്രഹിക്കുന്ന രീതിയിൽ സ്ഥിരതയോടെ നമുക്ക് ജീവിതം നയിക്കാൻ തൗഫീഖ് നൽകേണമേ എന്ന് പ്രാർത്ഥിക്കേണ്ടതാണ്. അല്ലാഹു വലിയ ഔദാര്യവാനാണ്. അവൻ നമ്മുടെ പ്രാർത്ഥനയുടെ സ്വീകാര്യതയ്ക്കായി, റമദാൻ മാസത്തിൽ വെള്ളിയാഴ്ചകളിൽ പ്രാർത്ഥന സ്വീകരിക്കുന്ന ഒരു പ്രത്യേക സമയം ഉണ്ടെന്ന് പറഞ്ഞിട്ടില്ല. മറിച്ച് വെള്ളിയാഴ്ചകളുടെ പൊതു സവിശേഷതയായിട്ടാണ് ഇത് പറഞ്ഞത്.

അതിനാൽ ഈ റമദാനിനു ശേഷവും തഖ്‌വയുടെ നിലവാരം വർധിപ്പിക്കുമെന്നും അതിനായി നാം പരിശ്രമിക്കുമെന്നും അല്ലാഹുവിന്റെ സാമീപ്യം നേടാനുള്ള ശ്രമം തുടരുമെന്നും അടുത്ത ജുമുഅ വരെ അല്ലാഹുവിനുവേണ്ടി നമ്മുടെ ഇബാദത്തുകളെ സ്വച്ഛമാക്കിവെക്കുന്നതാണെന്നും ഇന്ന് നമ്മുടെ ദുആകളിൽ നാം പ്രതിജ്ഞയെടുക്കുക. തുടർന്ന് എല്ലാ വെള്ളിയാഴ്ചകളിലെയും ഇടവേളകൾ നമ്മുടെ പ്രാർത്ഥനകളാലും സൽകർമ്മങ്ങളാലും അലങ്കരിക്കാൻ ശ്രമിക്കേണ്ടതാണ്, ദീനിനെ ദുനിയവിനേക്കാൾ മുന്തിക്കേണ്ടതാണ്, ഈ റമളാനിൽ ചില കാരണങ്ങളാൽ പൂർത്തിയാക്കാൻ കഴിയാതെ പോയ, നാം നമ്മുടെ ഉള്ളിൽ ഉണ്ടാക്കാൻ ആഗ്രഹിച്ചിരുന്ന പരിശുദ്ധമായ ഒരു മാറ്റം വരുത്താനുള്ള ശ്രമത്തെ തുടരുന്നതാണെന്നും ശപഥം ചെയ്താൽ അതാണ് യഥാർത്ഥ തഖ്‌വ ഉണ്ടാക്കുന്ന പ്രവർത്തനം. നമ്മൾ ആത്മാർഥരായി അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി നമ്മുടെ ആരാധനകളും കർമ്മങ്ങളും നിർവ്വഹിക്കുമ്പോൾ, ഏറ്റവും വലിയ കരുണയുള്ളവനും കരുണാമയനും കാരുണാനിധിയുമായ അല്ലാഹു അനുഗ്രഹങ്ങൾ ചൊരിയുന്നതാണ്. ഇത് റമദാനിലും നമുക്ക് ഒരു പരിധി വരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞതുമാണ്.

അതിനാൽ യഥാർത്ഥ കാര്യം തഖ്‌വയാണ്. ദൈവ കൽപ്പനകൾ സ്ഥിരോത്സാഹത്തോടെ പ്രാവർത്തികമാക്കുക എന്നതാണ് പ്രധാന കാര്യം; ദൈവത്തെ ഭയപ്പെടുകയും അവന്റെ പ്രീതി നേടുകയും ചെയ്യുക എന്നതാണ് യഥാർത്ഥ കാര്യം. ഇത് ഉണ്ടെങ്കിൽ, ദീനിനെ ദുനിയവിനേക്കാൾ മുന്തിക്കുമെന്ന കാര്യത്തെ മറന്നുപൊകുന്ന ഭൗതീക ജീവിതത്തിലേക്ക് നമ്മൾ തിരിച്ചു പോകാതിരിക്കുകയാണെങ്കിൽ ഈ ഈ റമദാനിൽ നാം ചെയ്ത ഏതുവിധേനയുള്ള ആരാധനകളും നമ്മുടെ മാറ്റത്തിനായുള്ള പരിശ്രമങ്ങളും അല്ലാഹു സ്വീകരിച്ചുകൊണ്ട് അനുഗ്രഹിക്കുന്നതാണ്.

അതിനാൽ നമ്മൾ എപ്പോഴും മുന്നിൽ വയ്ക്കേണ്ട പ്രധാന കാര്യം ഇതാണ്. ഈ ലക്ഷ്യം നേടിയെടുക്കുക എന്ന ലക്ഷ്യം എല്ലാ അഹ്മദികളും എല്ലായ്പ്പോഴും മുമ്പിൽ വയ്ക്കേണ്ടതാണ്. നാം തഖ്‌വയിലൂടെയും അല്ലാഹുവിന്റെ പ്രീതിതേടിക്കൊണ്ടും നമ്മുടെ ജീവിതം നയിക്കുമ്പോൾ നമ്മയുടെ ഉണർവ് അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന മാതൃകകൾ നമ്മുടെ തലമുറകൾക്കു മുന്നിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്.

ഹദ്റത് മസീഹ് മൗഊദ്[അ] ഊന്നിപ്പറഞ്ഞ ലക്ഷ്യം ഈ തഖ്‌വ തന്നെയാണ്. ഹദ്റത് മസീഹ് മൗഊദ്[അ] അയക്കപ്പെട്ടിരിക്കുന്നതും നമ്മുടെ ഭക്തിയുടെ നിലവാരം ഉയർത്തുന്നതിനായാണ്. ഒരവസരത്തിൽ ആ മഹാത്മാവ് പറഞ്ഞു: 'സത്യത്തിന്റെയും വിശ്വാസത്തിന്റെയും കാലം വീണ്ടും വരുന്നതിനും ഹൃദയങ്ങളിൽ ഭക്തി ജനിപ്പിക്കുന്നതിനും വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്, അതിനാൽ ഈ പ്രവൃത്തികളാണ് എന്റെ അസ്ഥിത്വത്തിന്റെ യഥാർഥ ലക്ഷ്യം. അതിനാൽ, അദ്ദേഹത്തിന്റേത് നുബുവ്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്തിലൂടെ തിരുനബി[സ]യുടെ പ്രവചനമനുസരിച്ച് അന്ത്യദിനം വരെ നിലനിൽക്കുന്ന കാലഘട്ടമാണ്. ഇതിൽ സത്യത്തെ മുറുകെപ്പിടിച്ചുകൊണ്ട് തങ്ങളുടെ ആരാധനയുടെ ഉയർന്ന നിലവാരം സ്ഥാപിക്കേണ്ടത് അദ്ദേഹത്തിന്റെ വിശ്വാസികളാണ്. ഈ ലക്ഷ്യം കേവലം ഒരു മാസത്തെ ആരാധനകൊണ്ടോ സൽകർമ്മങ്ങൾ കൊണ്ടോ കൈവരിക്കാനാവില്ല. (മറിച്ച് ആ മഹത്മാവിൽ വിശ്വസിച്ചുകൊണ്ട് പ്രത്യേകം പ്രയത്നിക്കുകയും) ആരാധനകളിലൂടെ നാം സ്ഥിരത കൈവരിക്കുകയുമാണെങ്കിൽ ഞാൻ നിന്നോടൊപ്പവും നിന്റെ പ്രിയപ്പെട്ടവരോടൊപ്പവും ഉണ്ടെന്ന് അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞ ആ ആളുകളിൽ നാം ഉൾപ്പെടുന്നതാണ്. അതിനാൽ, ഈ അവസ്ഥയിലാണ് നമ്മൾ ജീവിക്കുന്നതെങ്കിൽ, നമ്മുടെ പ്രവർത്തനങ്ങളിലൂടെ അല്ലാഹുവുമായി ഒരു ജീവനുള്ള ബന്ധം വേണമെങ്കിൽ നിങ്ങൾ വരൂ, നബി[സ]യുടെ ഈ സത്യസന്ധനായ ദാസനെ സ്വീകരിക്കൂ എന്ന സന്ദേശം ലോകത്തിന് നാം നൽകുന്നവരായിരിക്കും.

യഥാർത്ഥ തഖ്‌വ എന്താണെന്നും അത് അനുസരിച്ചു നടക്കുന്നവർ എങ്ങനെയെന്നും അല്ലാഹുവിന്റെ അത്തരക്കാരോടുള്ള സമീപനം എങ്ങനെ ആണെന്നതിനെ കുറിച്ചും ഹദ്റത്ത് മസിഹ് മൗഊദ്[അ] പറയുന്നു: അജ്ഞത യഥാർത്ഥ തഖ്‌വയുമായി കൂടിച്ചേരുകയില്ല. യഥാർത്ഥ തഖ്‌വ ഒരു പ്രകാശം വഹിക്കുന്നു. ഏതുപോലെ അല്ലാഹു പറയുന്നു: സത്യവിശ്വാസികളേ! നിങ്ങൾ മുത്തഖിയാകുന്നതിൽ സ്ഥിരചിത്തനായിരിക്കുകയും, അല്ലാഹുവിനുവേണ്ടി തഖ്‌വയുടെ ഗുണം സ്വീകരിക്കുകയും, അതിൽ സ്ഥൈര്യം കാണിക്കുകയുമാണെങ്കിൽ അല്ലാഹു നിങ്ങൾക്കും അന്യർക്കും ഇടയിൽ വ്യതിരിക്തത വരുത്തും. ആ വ്യത്യാസം എന്തെന്നാൽ, നിങ്ങൾക്ക് ഒരു പ്രകാശം നൽകും. ആ പ്രകാശം നിങ്ങളുടെ പ്രവൃത്തികളിലും വാക്കുകളിലും ശക്തിയിലും ആഗ്രഹങ്ങളിലും ഉണ്ടാകും നിങ്ങളുടെ ബുദ്ധിയിലും നിങ്ങളുടെ സംസാരത്തിലും നിങ്ങളുടെ കണ്ണുകളിലും ചെവികളിലും നാവുകളിലും നിങ്ങളുടെ പ്രസ്താവനകളിലും നിങ്ങളുടെ എല്ലാ ചലനങ്ങളിലും ആ പ്രകാശം ഉണ്ടാകും. അതിനാൽ ഓരോ വിശ്വാസിയും മുത്തഖിയും നേടിയെടുക്കാൻ പരിശ്രമിക്കേണ്ട സ്ഥാനമാണിത്. റമദാൻ അവസാനിച്ചാലും ഈ സ്ഥാനം നേടിയെടുക്കാൻ നമുക്ക് പരിശ്രമിക്കാനാവുന്നതാണ്. നമ്മിൽ നിന്ന് ഈ സ്ഥാനം നേടുന്നവർ സൗഭാഗ്യവാന്മാരായിരിക്കും.

ഈ കാലഘട്ടം പ്രത്യേകിച്ച് ശൈത്താന്റെ ആക്രമണങ്ങളുടെ കാലമാണെന്നും അവൻ തന്റെ എല്ലാ തന്ത്രങ്ങളും ആയുധങ്ങളും ഉപയോഗിച്ച് ആക്രമിക്കുകയാണെന്നും നാം ഓർക്കേണ്ടതാണ്. അത്തരമൊരു സാഹചര്യത്തിൽ നാം മുമ്പത്തേക്കാളുപരിയായി അല്ലാഹുവിലേക്ക് കുനിയേണ്ടതുണ്ട്. ടിവിയോ സോഷ്യൽ മീഡിയയോ മറ്റ് പ്രോഗ്രാമുകളോ കുട്ടികളുടെ സ്കൂളുകളോ അവരുടെ പരിപാടികളോ ആകട്ടെ, എല്ലായിടത്തും ശൈത്താൻ ദജ്ജാലുമായി ചേർന്ന് സൃഷ്ടിച്ചിരിക്കുന്ന കെണിയിൽ നിന്ന് അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ രക്ഷപ്പെടാൻ കഴിയില്ല. ശൈത്താന്റെ ആക്രമണങ്ങളിൽ നിന്ന് നമ്മുടെ കുട്ടികളെ സംരക്ഷിക്കുക എന്നതാണ് ഈ സമയത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനായി മാതാപിതാക്കളും ജമാഅത്ത് സംവിധാനവും പരിശ്രമിക്കേണ്ടതുമാണ്. ഈ ലക്ഷ്യത്തിനായി ബുദ്ധിയും പക്വതയും ഉള്ള ഓരോ അഹ്മദിക്കും ഭക്തിയുടെ ഉയർന്ന നിലവാരം കൈവരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ തലമുറകളെ ശൈത്താന്റെ ഈ ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കാൻ കഴിയുകയുള്ളൂ. റമദാൻ കഴിഞ്ഞ് നമുക്ക് വെറുതെയിരിക്കാൻ പാടില്ല. മറിച്ച് ഖുർആനിക അറിവും മതപരമായ അറിവും വർധിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. (ശൈത്താനെതിരിൽ രക്ഷക്കായി ദുആയിലേക്കും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.)

ഹദ്റത് മസീഹ് മൗഊദ്[അ] പറയുന്നു: അന്ത്യനാൾ വരെ എതിരാളികൾക്കും (ശൈത്താനും) മേൽ അവൻ എന്റെ അനുയായികൾക്ക് വിജയം നൽകുമെന്നത് സത്യമായ കാര്യമാണ്; എന്നാൽ അനുയായികൾക്കിടയിൽ എല്ലാവർക്കും അവരുടെ ഉള്ളിൽ അനുസരണത്തിന്റെ പൂർണമായ അവസ്ഥ സൃഷ്ടിക്കുന്നതുവരെ അവൻ എന്റെ കയ്യിൽ ബൈഅത്തു ചെയ്തുകൊണ്ട് അനുയായിയാവാൻ കഴിയില്ല എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്.

പറഞ്ഞു: ഹൃദയത്തിൽ ആത്മാർത്ഥതയോടെയും പ്രാർത്ഥനയോടെയും പൂർണമായും പ്രവർത്തിക്കാത്തിടത്തോളം നാവ്കൊണ്ട് മാത്രം ഏറ്റുപറയുന്നത് ഒരു പ്രയോജനവും ചെയ്യുകയില്ലെന്ന് മനസ്സിലാക്കുക. അതിനാൽ എന്റെ ഉപദേശം പൂർണമായും പിന്തുടരുന്ന വ്യക്തികളെ കുറിച്ചാണ് സർവ്വ ശക്തനായ ദൈവത്തിന്റെ വചനത്തിൽ *ഇന്നീ ഉഹാഫിസു കുല്ലമൻ ഫിദ്ദാർ* അതായത്, നിന്റെ നാല് ചുവരുകൾക്കുള്ളിൽ കഴിയുന്ന എല്ലാവരെയും ഞാൻ രക്ഷിക്കുന്നതാണ് എന്ന് വാഗ്ദാനമുള്ളത്; അവർ ആണ് എന്റെ ഈ (സുരക്ഷിത) ഭവനത്തിൽ പ്രവേശിക്കുന്നത്.

പറയുന്നു: ശൈത്താൻ ലാഹൗല (വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്) എന്ന ദുആകൊണ്ട് ഓടിപ്പോകുന്നുവെന്ന് നിങ്ങൾക്കറിയാവുന്നതാണ്. എന്നാൽ നാവുകൊണ്ട് ലാഹൗല എന്നു പറഞ്ഞ് ഒഴിഞ്ഞു മാറാൻ അത് അത്ര ലളിതമായ കാര്യമല്ല. ആരുടെ അസ്തിത്വത്തിന്റെ എല്ലാ കണികകളിലും ശക്തിയിലും ലാഹൗല ഉൾച്ചേർന്നിരിക്കുന്നവനോ, സർവ്വ ശക്തനായ ദൈവത്തിൽ നിന്ന് എപ്പോഴും സഹായവും പിന്തുണയും തേടുന്നുവോ അവർ ആണ് യഥാർത്ഥത്തിൽ ശൈത്താനിൽ നിന്ന് സംരക്ഷിക്കപ്പെടുന്നവർ.

ഒരു അവസരത്തിൽ അവിടുന്ന് പറഞ്ഞു: പ്രാർത്ഥനയ്ക്ക് കാന്തിക പ്രഭാവമുണ്ട്. അത് ആ അനുഗ്രഹത്തെ തങ്ങളിലേക്ക് ആകർഷിക്കുന്നു. ഒരു വ്യക്തി അല്ലാഹുവിന്റെ ഗ്രന്ഥത്തിന് പ്രഥമ സ്ഥാനം നൽകുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ, അവന്റെ നമസ്കാരങ്ങൾ വെറുതെ സമയം പാഴാക്കലാണ്. ഹുസൂർ അൻവർ പറഞ്ഞു: നമസ്കാരം ആരാധനയുടെ അകക്കാമ്പാണെന്ന് ഹദീസിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ അന്തസത്തയെ നേടിയെടുക്കാൻ ശ്രമിക്കുമ്പോൾ ആണ് നാം നമസ്കാരത്തിന്റേയും മറ്റ് ആരാധനകളുടെയും കടമ നിറവേറ്റുന്നവരായി മാറുന്നത്; അല്ലാഹുവിന്റെ സാമിപ്യം കരസ്തമാക്കുന്നവരായി മാറുന്നത്. അല്ലാതെ പുറംമോടിയായ നമസ്കാരങ്ങൾ ഒരു പ്രയോജനവും ചെയ്യില്ല. പള്ളികളിൽ പോയി നമസ്കരിക്കുകയും പിന്നെ ക്രൂരതകൾ അതിന്റെ പാരമ്യതയിൽ എത്തിക്കുകയും ചെയ്യുന്ന എണ്ണമറ്റ ആളുകളുണ്ട്.

നമ്മുടെ നമസ്കാരങ്ങൾ എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ച് ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: എല്ലാ പ്രയാസങ്ങളും എളുപ്പമാക്കുകയും എല്ലാ വിപത്തുകളും ഇല്ലാതാക്കുകയും ചെയ്യുന്ന കാര്യം നമസ്കാരം തന്നെയാണ്. എന്നാൽ നമസ്കാരം എന്നാൽ സാധാരണക്കാർ ആചാരമെന്നോണം ചെയ്യുന്ന അനുഷ്ഠാനമെന്നല്ല അർത്ഥമാക്കുന്നത്, മറിച്ച് ഒരു വ്യക്തിയുടെ ഹൃദയത്തെ അലിയിച്ച് ദൈവീക സവിധത്തിൽ വീണു ഉരുകുന്ന പ്രാർത്ഥനയാണ് നമസ്കാരം കൊണ്ട് ഉദ്ദേശിക്കുന്നത്. (നമസ്കാരത്തോടുള്ള കടമ നിർവേറ്റുന്നത് അല്ലാഹുവിന് അതിന്റെ ആവശ്യം ഉള്ളതുകൊണ്ടല്ല. മറിച്ച് നമുക്കാണ് അതിന്റെ ആവശ്യം; നമ്മുടെ പുരോഗതിക്കാണ് അത് വെച്ചിട്ടുള്ളത്. നമസ്കാരങ്ങൾ ഈ ലോകത്തേയും ദീനിനേയും പ്രഭാപൂരിതമാക്കുന്നു. അതിനാൽ നമസ്കാരത്തോടുള്ള കടമകൾ പൂർത്തിയാക്കിക്കൊണ്ട് അത് അനുഷ്ഠിക്കുക; നമസ്കാരം അനുഷ്ഠിക്കുന്നവനുമേൽ ശാപം ചൊരിയുന്ന അവസ്ഥ ആകരുത്.) അല്ലാഹു തആല നമുക്ക് നമസ്കാരത്തിനോടുള്ള കടമ യഥാവിധി നിർവഹിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. (അല്ലാഹുവിനു നീരസമുണ്ടാക്കുന്ന തരത്തിൽ നമ്മുടെ നമസ്കാരങ്ങൾ ആകാതിരിക്കട്ടെ. നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളായി തീരട്ടെ. അതിനായി ദൈവവുമായി ബന്ധം സ്ഥാപിക്കാൻ സാധിക്കട്ടെ.) നമ്മുടെ ഭാവി തലമുറകളുടെ നിലനിൽപ്പിന്റെ ജാമ്യമായി മാറുന്ന ഇത്തരം ആരാധനകളുടെ ശീലം അവരെ പഠിപ്പിക്കുന്നവരായി നാം മാറട്ടെ. (ഇതുണ്ടെങ്കിൽ ഭൗതികതക്കോ ശൈത്താനോ ഒരു പോറൽ ഏൽപ്പിക്കാനോ നഷ്ടം വരുത്താനോ സാധിക്കില്ലെന്ന് ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു.) ഈ കാലഘട്ടത്തിൽ ദജ്ജാൽ നശിപ്പിക്കപ്പെടണം എന്നത് വാഗ്ദത്ത മസീഹിനോടുള്ള അല്ലാഹുവിന്റെ സത്യമായ വാഗ്ദാനമാണ്. (നമ്മുടെ ഇബാദത്തുകളുടെ നിലവാരം ഉയർത്തി നമ്മുടെ അവസ്ഥകളെ നന്നാക്കിക്കൊണ്ട് നാം യഥാർഥത്തിൽ) ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഉൾപ്പെടാൻ അർഹതയ നേടുമ്പോഴാണ് അത് നമ്മുടെ ഭാഗ്യമായി തീരുന്നത്. ഈ ഒരു കടമ നിറവേറ്റുന്നതിനായി, ഹദ്റത് മസീഹ് മൗഊദ്(അ) നിർദേശിച്ച കുറിപ്പടി, ദൈവ സമക്ഷം ദീനവിലാപവും, മനോവേദനയും ഉള്ളുരുക്കവും ആണ്. (അതായത് വിനയം കൈകൊണ്ട് കരഞ്ഞ് വിലപിച്ചു പ്രാർഥിക്കുക.) ഈ സ്ഥാനം നേടുന്നതിന് പരിശ്രമിക്കുക. അതിന് നിങ്ങളുടെ രാപകലിലെ ഒരു നിമിഷവും ദുആകളിൽ നിന്ന് ശൂന്യമായിരിക്കരുത്. (ഈ അവസ്ഥ സംജാതമായാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായി മാറുന്നതാണ്. അല്ലാഹു ഇതിനായി തൗഫീഖ് നൽകട്ടെ.

പാകിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യുക. ദുഷ്ടന്മാരുടെയും എതിരാളികളുടെയും തിന്മയിൽ നിന്ന് അല്ലാഹു അവരെ സംരക്ഷിക്കട്ടെ. പാക്കിസ്ഥാനിൽ താമസിക്കുന്ന അഹ്മദികളും സ്വയം തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. മൂന്ന് നാല് ദിവസമോ ഒരാഴ്ചയോ അല്ല പ്രാർഥിക്കേണ്ടത്; മറിച്ച് നിരന്തരം പ്രാർത്ഥിക്കുക. ദൈവകൽപ്പനകൾക്കനുസൃതമായി തങ്ങളുടെ ജീവിതം ക്രമീകരിക്കാൻ പ്രതിജ്ഞാബദ്ധത പുലർത്തുക. ബുർക്കിന ഫാസോ, ബംഗ്ലാദേശ്, അൾജീരിയ, അതുപോലെ ലോകത്തിലെ മറ്റു രാജ്യങ്ങളിലെയും അഹ്മദികൾക്കായി പ്രാർത്ഥിക്കുക. അല്ലാഹു ഓരോ അഹ്മദിയെയും ശത്രുവിന്റെ തിന്മയിൽ നിന്ന് കാത്തുരക്ഷിക്കട്ടെ. അല്ലാഹു തആല നമുക്ക് നമ്മുടെ ഉള്ളിൽ തന്നെ പരിശുദ്ധമായ മാറ്റം ഉണ്ടാക്കാനും പ്രാർത്ഥിക്കുവാനും സൗഭാഗ്യം നൽകട്ടെ. പിന്നീട് ആ ദുആകൾ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Masjid Mubarak U.K. – on 21.04.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516